169 (2547) നീതി മെഡിക്കൽ സ്റ്റോറുകൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനങ്ങൾക്കു വേണ്ടി ഈ സാമ്പത്തിക വർഷം എത്രകോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇപ്പോൾ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഈ വർഷം എത്ര പുതിയ നീതി സ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നീതി മെഡിക്കൽ സ്റ്റോർ പദ്ധതി നടത്തിപ്പിനായി കേരള സ്റ്റേറ്റ് സഹകരണ ഉപഭോക്തൃ ഫെഡറേഷന് 5 കോടി രൂപയും പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് 100 പ്രാഥമിക സഹകരണസംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതവും സർക്കാർ ഓഹരിയായി അനുവദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ സംസ്ഥാനത്താകെ 54 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) സംഘങ്ങളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ആവശ്യമെന്നു കണ്ടാൽ കൂടുതൽ നീതി സ്റ്റോറുകൾ അനുവദിക്കുന്നതാണ്.

170 (2548) സഹകരണ മേഖലയിലെ പെൻഷൻ പദ്ധതി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ക്രെഡിറ്റ് മേഖലയിൽ മാത്രമാണ് ഇപ്പോൾ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് മുഴുവൻ സഹകരണ ജീവനക്കാർക്കും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) "രജിസ്ട്രാറുടെ കീഴിലുള്ള സംഘം ജീവനക്കാർക്ക്" എന്ന നിയമവ്യവസ്ഥ മാറ്റി മുഴുവൻ സഹകരണസംഘം ജീവനക്കാർക്കും പെൻഷൻ എന്ന വ്യവസ്ഥ നടപ്പിലാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇല്ല. സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പ്രാഥമിക സഹകരണസംഘങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി)&(സി) സഹകരണ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുള്ളത് ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയാണ്. അതിനാൽ സഹകരണ മേഖലയിലെ മുഴു

LIBRARY ARCHIVES Kerala Legislative Assembly

വൻ ജീവനക്കാർക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തേണ്ടതുണ്ട്. ഇത്തരമൊരു പഠനം നടത്തുന്നതിന് പെൻഷൻ ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. സ്വരൂപിക്കാവുന്ന ഫണ്ടുകളുടെയും നൽകേണ്ടി വരുന്ന ബാദ്ധ്യതകളേയും പറ്റി വസ്തുനിഷ്ഠമായി വിലയിരുത്തിയതിനുശേഷമേ ഇക്കാര്യം പരിശോധിക്കാനാവൂ.

171 (2549) പ്രാഥമിക സഹകരണസംഘം ജീവനക്കാർക്ക് പെൻഷൻ

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്:
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നല്കുന്നതിന് ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ നല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളിലെ ജീവനക്കാരെ പെൻഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും 1952-ലെ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 14.3.95 ലെ ജി.ഒ (പി)44/95/സഹ. പ്രകാരം 'കേരളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എംപ്ലോയീസ് സെൽഫ് ഫൈനാൻസിംഗ് പെൻഷൻ സ്കീം' 1994 നിലവിൽ വന്നിട്ടുണ്ട്. ഇത് ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയാണ്. പെൻഷൻ പദ്ധതിക്ക് 3.6.93 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്.

(ബി) സർക്കാരിന്റെ 14.3.95 ലെ ജി.ഒ (പി)44/95/സഹ. പ്രകാരമാണ് സ്വാശ്രയ പെൻഷൻ പദ്ധതി നിലവിൽ വന്നിട്ടുള്ളത്. ഈ പദ്ധതിക്ക് 3.6.93 മുതൽ പ്രാബല്യം നല്കിയിട്ടുണ്ട്. പെൻഷൻ ബോർഡിൽ ക്രമപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ തീരുമാനമെടുത്ത് പെൻഷൻ അനുവദിക്കുന്നുണ്ട്. എന്നാൽ സംഘത്തിൽ നിന്നും പ്രൊവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം ചില റിട്ടയേർഡ് ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly